**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 848** **06-02-2023 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര നിയോജക മണ്ഡലത്തിലെ ഉമ്പർനാട് ഐ.ടി.ഐ. യുടെ പുരോഗതിക്കുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഉമ്പർനാട് ഐ.ടി.ഐ. യുടെ പുരോഗതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ.റ്റി.ഐ.യിൽ കാർപെന്റർ എന്ന ഏകവത്സര ട്രേഡിലും (കോഴ്സ്) ഇലക്ട്രോണിക് മെക്കാനിക് എന്ന ദ്വിവത്സര ട്രേഡിലും പരിശീലനം നൽകി വരുന്നു. ഇലക്ട്രോണിക് മെക്കാനിക് ട്രേഡിലെ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങൾ സംഭരിയ്ക്കുന്നതിന് ഇ-ടെണ്ടർ വഴി പഠനോപകരണങ്ങൾ സംഭരിയ്ക്കുകയും ഐ റ്റി ഐ യിലെ വിദ്യാർത്ഥികൾക്ക് അതത് ട്രേഡിലെ പരിശീലനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനം ലഭിയ്ക്കുന്നതിലേക്കായി ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബും ഐ റ്റി ഐ യിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കെ ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മാവേലിക്കര ഐ റ്റി ഐ യുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിയ്ക്കുന്നതിനും കൂടുതൽ പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് പുതിയ മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിൽ Ground floorന്റെ നിർമ്മാണവും first floorന്റെ structural workഉം പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിലേക്കുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ റ്റി ഐ കളിൽ പുതിയ ട്രേഡുകൾ ആരംഭിയ്ക്കുന്നതിന് നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര ഐ.റ്റി.ഐ.യിൽ പുതുതായി ഇലക്ട്രീഷ്യൻ എന്ന ദ്വിവത്സര കോഴ്സ് കൂടി |

| | | | |
|---|---|---|---|
| | | | ആരംഭിയ്ക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായും കെട്ടിട നിർമ്മാണത്തിനായും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ.റ്റി.ഐ.യിൽ കാർപെന്റർ എന്ന ഏകവത്സര ട്രേഡിലും (കോഴ്സ്) ഇലക്ട്രോണിക് മെക്കാനിക് എന്ന ദ്വിവത്സര ട്രേഡിലും പരിശീലനം നൽകി വരുന്നു. ഇലക്ട്രോണിക് മെക്കാനിക് ട്രേഡിലെ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങൾ സംഭരിയ്ക്കുന്നതിന് ഇ-ടെണ്ടർ വഴി പഠനോപകരണങ്ങൾ സംഭരിയ്ക്കുകയും ഐ റ്റി ഐ യിലെ വിദ്യാർത്ഥികൾക്ക് അതത് ട്രേഡിലെ പരിശീലനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനം ലഭിയ്ക്കുന്നതിലേക്കായി ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബും ഐ റ്റി ഐ യിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കെ ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മാവേലിക്കര ഐ റ്റി ഐ യുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിയ്ക്കുന്നതിനും കൂടുതൽ പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് പുതിയ മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിൽ Ground floorന്റെ നിർമ്മാണവും first floorന്റെ structural workഉം പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിലേക്കുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ റ്റി ഐ കളിൽ പുതിയ ട്രേഡുകൾ ആരംഭിയ്ക്കുന്നതിന് നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര ഐ.റ്റി.ഐ.യിൽ പുതുതായി ഇലക്ട്രീഷ്യൻ എന്ന ദ്വിവത്സര കോഴ്സ് കൂടി ആരംഭിയ്ക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ